പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3175. 14.03.2018 ൽ മറുപടിക്ക്

## സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകാൻ നടപടി

**ചോദ്യം**

ശ്രീ.അൻവർ സാദത്ത്:

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഇരുപത് ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഇരുപത് ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ്വർക്ക് (കെ-ഫോൺ). പദ്ധതി നിർവഹണ ത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും (കെ.എസ്. ഐ. ടി. ഐ.എൽ.) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും (കെ.എസ്.ഇ.ബി) ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടെ ഒരു പുതിയ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കമ്പനിയുടെ രൂപീകരണത്തിനു വേണ്ടി കരട് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, ജോയിന്റ് വെൻചർ എഗ്രിമെന്റ് എന്നിവ അംഗീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ പുതിയ കമ്പനിയുടെ നടത്തി പ്പിനുവേണ്ടി പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

(ബി) ഈ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയെന്ന് അറിയിക്കുമോ;

(ബി) പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായതിനാൽ നിലവിൽ ആർക്കും കണക്ഷൻ നൽകിയിട്ടില്ല.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖാന്തരമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഐ.ടി വകുപ്പിന് കീഴിലുള്ള കമ്പനിയായ കെ.എസ്.ഐ.ടി.ഐ.എൽ (കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്)നെയാണ് പ്രാരംഭ ഘട്ടത്തിൽ പദ്ധതിയുടെ നിർവ്വഹണ

ഏജൻസിയായി ചുമതല പ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെ.എസ്. ഐ.ടി.ഐ.എൽ.ഉം കെ.എസ്.ഇ.ബി.യും ചേർന്ന് തുല്യഓഹരി പങ്കാളിത്തത്തോടുകൂടി ഒരു ജോയിന്റ് വെൻചർ കമ്പനി നിലവിൽ വരുന്നതോടെ ഈ കമ്പനിയ്ക്കായിരിക്കും തുടർന്നുള്ള പദ്ധതി നിർവ്വഹണ ചുമതല.

(ഡി) കെ ഫോൺ എന്ന പുതിയ സർക്കാർ സംരംഭം രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

(ഡി) ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ്‌വർക്ക് (കെ-ഫോൺ). ഇതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും (കെ.എസ്.ഐ.ടി.ഐ.എൽ.) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും (കെ.എസ്.ഇ.ബി) ഉം ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടെ ഒരു പുതിയ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഈ പദ്ധതി വഴി സംസ്ഥാനത്ത് 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും, മറ്റുള്ളവർക്ക് വളരെ കുറഞ്ഞ ചെലവിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സൗജന്യ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാവുന്നതും പ്രസ്തുത പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്.

സെക്ഷൻ ഓഫീസർ